"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മലപ്പുറം ജില്ല — എച്ച്ഐ.വി ബാധിതരായ അപേക്ഷകർക്ക് ഓരോ ആറു മാസം കൂടുമ്പോഴും നൽകി വരുന്ന ധനസഹായം വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.693/2024/RD തീയതി,തിരുവനന്തപുരം, 23-02-2024

പരാമർശം:-

1. സ.ഉ.(സാധാ) നം.3170/2020/RD തീയതി 16.10.2020
2. സ.ഉ.(സാധാ) നം.3543/2021/RD തീയതി 20/10/2021
3. മലപ്പുറം ജില്ലാ കളക്ടറുടെ 08.02.2024- ലെ ഡിസിഎംപിഎം/7030/2022-ജി3 നമ്പർ കത്ത്.
4. 13/2/2024 ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR/63252022/LR(H1) നമ്പർ കത്ത് .

**ഉത്തരവ്**

എച്ച്.ഐ.വി ബാധിതരായ രോഗികൾക്ക് ഓരോ ആറു മാസം കൂടുമ്പോഴും 6,000/- രൂപ വീതം ലൈഫ് സർട്ടിഫിക്കറ്റിന്റെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന്, പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം പ്രസ്തുത തുക നൽകുന്നതിനുള്ള പൂർണ്ണ അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തവുമാണ്. മലപ്പുറം ജില്ലയിൽ 2024 ജനുവരി വരെ ലഭ്യമായ അപേക്ഷകളിന്മേൽ ധനസഹായമായി 7,44,000/- രൂപയും 2024 ഫെബ്രുവരി മാസത്തിൽ ലഭ്യമായിട്ടുള്ള 29 അപേക്ഷകളിന്മേൽ ധനസഹായമായി 1,74,000/- രൂപയും അനുവദിക്കുന്നതിനായി ആകെ തുകയായ 9,18,000/- രൂപ (ഒമ്പതു ലക്ഷത്തി പതിനെട്ടായിരം രൂപ ധനസഹായം അനുവദിക്കുന്നതിലേക്കായി ജില്ലാ കളക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകണമെന്ന് ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണറുടെ പരാമർശം (4)കത്ത് മുഖേന മലപ്പുറം ജില്ലാ കളക്ടർ ആവശ്യപ്പെട്ട പ്രകാരം എച്ച്.ഐ.വി ബാധിതരായ രോഗികൾക്ക് ഓരോ ആറു മാസം കൂടുമ്പോഴും 6,000/- രൂപ വീതം പരാമർശം (1), (2) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം വിതരണം ചെയ്യുന്നതിനായി **9,18,000/- രൂപ (ഒമ്പതു ലക്ഷത്തി പതിനെട്ടായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മലപ്പുറം ജില്ലാ കളക്ടർക്കു അനുവദിച്ച് ഉത്തരവാകുന്നു.

(3) വിതരണത്തിനാവശ്യമായി വരുന്ന **9,18,000/- രൂപ (ഒമ്പതു ലക്ഷത്തി പതിനെട്ടായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള TP.80 അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ കളക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടി സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 23-02-2024 12:56:33
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി .എ.യ്ക്ക്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.